# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1024 | **12/06/2014-ൽ മറുപടിക്ക്**

## പൊതുവിദ്യാലയങ്ങളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ പൊതുവിദ്യാലയങ്ങളുടെ എണ്ണം എത്ര; | (എ) 2013-14 വർഷത്തെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് ആകെ 11,766 പൊതുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) കുട്ടികളില്ലാത്തതിനെ തുടർന്ന് ആദായകരമല്ലാതെ മാറിയ പൊതുവിദ്യാലയങ്ങളുടെ എണ്ണം എത്ര; | (ബി) സംസ്ഥാനത്ത് ആദായകരമല്ലാത്ത 5,137 പൊതുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. |
| (സി) ഒരു കുട്ടി പോലുമില്ലാത്ത സ്കൂളുകളുടെ എണ്ണം എത്ര; ഒരു കുട്ടി മാത്രമുള്ള സ്കൂളുകളുടെ എണ്ണമെത്ര; പത്തിൽ താഴെ കുട്ടികളുള്ള സ്കൂളുകളുടെ എണ്ണമെത്ര; | (സി) സംസ്ഥാനത്ത് ഒരു കുട്ടി പോലുമില്ലാത്ത 4 സ്കൂളുകളും, ഒരു കുട്ടിമാത്രമുള്ള 3 സ്കൂളുകളും പത്തിൽ താഴെ കുട്ടികളുള്ള 145 സ്കൂളുകളും പ്രവർത്തിക്കുന്നു. |
| (ഡി) അൻപതിൽ താഴെ കുട്ടികളുള്ള സ്കൂളുകളുടെ എണ്ണമെത്ര; സർക്കാർ/ എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (ഡി) അൻപതിൽ താഴെ കുട്ടികൾ പഠിക്കുന്ന 2,480 സ്കൂളുകൾ ഉണ്ട്. ഇതിൽ സർക്കാർ സ്കൂൾ - 1,232, എയ്ഡഡ് സ്കൂൾ - 1,248. |
| (ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് പൊതുവിദ്യാലയങ്ങളിൽ എത്തിയ കുട്ടികളുടെ എണ്ണം എത്രയെന്ന് അദ്ധ്യയനവർഷം തിരിച്ച് വ്യക്തമാക്കുമോ; 2014-15 അദ്ധ്യയനവർഷം പ്രവേശനത്തിന് എത്തിയ കുട്ടികളുടെ എണ്ണമെത്ര; | (ഇ) കഴിഞ്ഞ മൂന്ന് വർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | സർക്കാർ സ്കൂൾ | എയ്ഡഡ് സ്കൂൾ | ആകെ |
|---|---|---|---|
| 2011-12 | 92,168 | 1,88,046 | 2,80,214 |
| 2012-13 | 88,874 | 1,68,655 | 2,57,529 |
| 2013-14 | 86,782 | 1,62,660 | 2,49,442 |

2014-15 അദ്ധ്യയനവർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെചേർക്കുന്നു.

| വർഷം | സർക്കാർ സ്കൂൾ | എയ്ഡഡ് സ്കൂൾ | ആകെ |
|---|---|---|---|
| 2014-15 | 90,525 | 1,64,114 | 2,54,639 |

| | | | |
|---|---|---|---|
| (എഫ്) | ഓരോ വർഷം കഴിയും തോറും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രോജക്ടുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം, യൂണിഫോം, പാഠപുസ്തകം എന്നിവ സൗജന്യമായി വിതരണം നടത്തുന്നു. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സ്കൂൾതല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ജി) | കഴിഞ്ഞ മൂന്നു വർഷത്തിനിടെ ഈ സർക്കാർ എത്ര അൺ എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകൾക്കും, എത്ര സംസ്ഥാന സിലബസ് അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകി; | (ജി) | 447 അൺ എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകി. സംസ്ഥാന സിലബസിലുള്ള അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. |
| (എച്ച്) | ഇപ്രകാരം അംഗീകാരം നൽകിയതു വഴി എത്ര പൊതുവിദ്യാലയങ്ങൾ നിലവിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു; വ്യക്തമാക്കുമോ ? | (എച്ച്) | രണ്ടു പാഠ്യക്രമം പിന്തുടരുന്നതിനാൽ ഭീഷണി നേരിടുന്നില്ല. |

സെക്ഷൻ ഓഫീസർ